**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3012**
**18.10.2016- ലെ മറുപടിക്ക്**

**ആസ്തിവികസന ഫണ്ടിൽ നിന്നും ഹൈമാസ്റ്റ് ലൈറ്റുകളും ലോമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കാൻ അനുമതി**

| ചോദ്യം<br>**ശ്രീ. കെ.രാജൻ** | ഉത്തരം<br>**ശ്രീ. റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** |
|---|---|
| (എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ മുൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര ഹൈമാസ്റ്റ് ലൈറ്റുകളും ലോമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br>(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം ഏത് ഏജൻസി മുഖേനയാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;<br>(സി) ആയതിൽ എത്ര ലൈറ്റുകൾ എവിടെയെല്ലാം സ്ഥാപിച്ചു വെന്നും ഇനി എത്ര ലൈറ്റുകൾ എവിടെയൊക്കെ സ്ഥാപിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;<br>(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യകതമാക്കാമോ; ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ? | ഒല്ലൂർ നിയോജക മണ്ഡലത്തിൽ മുൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും രണ്ട് പ്രവൃത്തികളിലായി ആകെ 31 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് അനുമതി ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | പ്രവൃത്തി | തുക (രൂപ) | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | താന്നിക്കുടം, ചിറക്കക്കോട്, പുത്തൂർ പള്ളിമൂല ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റുകളുടെ വിതരണവും സ്ഥാപിക്കലും കമ്മീഷനിംഗും | 26.50 ലക്ഷം | PWD | ഭരണാനുമതി പ്രകാരം പ്രവൃത്തിയുടെ നിർവ്വഹണം പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിനായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി KSIE മുഖാന്തിരം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഒല്ലൂർ മണ്ഡലത്തെ പതിമൂന്നാം നിയമസഭയിൽ പ്രതിനിധീകരിച്ചിരുന്ന ബഹു. മുൻ എം.എൽ.എ അദ്ദേഹത്തിന്റെ 05.04.2015 ലെ കത്തിലൂടെ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചതിനാൽ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം നടത്തിയിട്ടില്ല. എന്നാൽ പ്രവൃത്തിയുടെ നിർവ്വഹണം KSIE യെ ഏൽപ്പിച്ചുകൊണ്ട് ഭരണാനുമതി പുതുക്കിയിട്ടില്ലാത്തതും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതുമാകുന്നു. |
| 2 | ഒല്ലൂർ മണ്ഡലത്തിലെ പാണഞ്ചേരി, മടക്കത്തറ , പുത്തൂർ, നടത്തറ എന്നീ നാല് ഗ്രാമപഞ്ചായത്തുകളിലായി 28 സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 110.46 ലക്ഷം | KSIE | 28 സ്ഥലങ്ങളിലും ഫൗണ്ടേഷൻ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വർക്ക് സൈറ്റുകളിൽ മെറ്റീരിയൽസ് എത്തിച്ചിട്ടുണ്ടെന്നും ലൈറ്റ് സ്ഥാപിക്കൽ പ്രവൃത്തികൾ 17.10.2016 ന് ആരംഭിച്ച് താമസംവിനാ പൂർത്തീകരിക്കുമെന്നും KSIE അധികൃതർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ